ശ്രീ. കെ. പി. ഗോപാലൻ : അതു തീരെ അടിസ്ഥാനരഹിതമായ കാര്യമാണു്.

ശ്രീ. പി. ടി. ചാക്കോ : ബർളായ്ക്കു ഒഴിഞ്ഞു മാറാൻ പഴുതുള്ളതും തൊഴിലാളികളുടെ അവകാശങ്ങളെ ഇല്ലാതാക്കുന്നതുമായ ഈ കരാർ എഴുതിയുണ്ടാക്കിയതു ആരാണെന്നു പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇതൊക്കെ വളരെ വിശദമായി ഇവിടെ ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കരാർ ഉണ്ടാക്കിയിട്ടുള്ള ഫാക്ടറി ആരംഭിക്കുവാൻ വല്ല നടപടിയും ബർളാ എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : മെഷീനറി വാങ്ങുന്നതിനു് വേണ്ട നടപടികളും എടുത്തുവരുന്നു എന്നു് ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : കരാർ ഉണ്ടാക്കിയതിൽ നിന്നും പിൻമാറിയാൽ അദ്ദേഹത്തിൻെറ പേരിൽ വല്ല നടപടിയും എടുക്കാൻ ഗവണ്മെൻറു തയാറാകുമോ ?

ശ്രീ. കെ. പി. ഗോപാലൻ: അങ്ങനെയുള്ള യാതൊരു പ്രശ്നവും ഉത്ഭവിക്കുന്നില്ല.

ശ്രീ. പി. ടി. ചാക്കോ : എൻെറ ചോദ്യത്തിനു് ഉത്തരം കിട്ടിയില്ല. കരാർ എഴുതിയുണ്ടാക്കിയതു ആരാണു് ?

ശ്രീ. കെ. പി. ഗോപാലൻ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനു് ഇതുവരെ അതു മനസ്സിലായിട്ടില്ലെങ്കിൽ ഞാൻ പറയാം. ഗവണ്മെൻറാണു്

റിക്ലമേഷൻ ആഫ് ഫാറസ്റ്റ് ലാൻഡ്സ് പദ്ധതി.

* 1462. [21] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിക്ലമേഷൻ ആഫ് ഫാറസ്റ്റ് ലാൻഡ്സ് എന്ന ഒരു പദ്ധതി സർക്കാരിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി എന്താണു് ;

(സി) അതിനു കേന്ദ്രത്തിൽ നിന്നും വല്ല സഹായധനവും ലഭിക്കുമോ ?

ക്ഷീരവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) :

(എ) ഇല്ല.

(ബി, സി) ചോദ്യങ്ങൾ ഉദിക്കുന്നില്ല.

മിനിമം വേജസ് നിശ്ചയിക്കുന്നതിനു് നിയമിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടു്.

* 1463. [23] ശ്രീ. ജോർജ്ജു് ജോസഫു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വരുന്നതിനുമുൻപു് നിയമിച്ചിട്ടുള്ള ഏതെങ്കിലും വ്യവസായത്തിലെ മിനിമം വേജസ് നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റി ഈ ഗവണ്മെൻറിൽ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടു പ്രസിദ്ധീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly